**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഭൂജലവകുപ്പ് 2024-25 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധ തരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും, നിർമ്മാണവും.<br>• കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും നടപ്പാക്കൽ.<br>• കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽ കിണർ കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ.<br>• വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.<br>• കുടിവെള്ളം, ജലസേചനം വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുടെ ആവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡവലപ്പിംഗ്, ലോഗിംഗ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.<br>• ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്റ്റിന്റെ ഫലപ്രദമായ നടപ്പാക്കൽ.<br>• ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | ക്ലാസ്സുകൾ സംഘടിപ്പിക്കുക.<br>• സംസ്ഥാനത്തിന്റെ ഭൂജല വിഭവ ശേഷി തിട്ടപ്പെടുത്തൽ.<br><br>കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജൽ ജീവൻ മിഷൻ, മറ്റ് സ്ഥാപനങ്ങൾ, എം.പി/ എം.എൽ.എ. ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കൽ, സാങ്കേതിക സഹായം നൽകൽ, കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജൽ ശക്തി അഭിയാൻ പ്രോഗ്രാമിന്റെ ഭാഗമായ ജൽ സഞ്ചയ് ജൻ ഭാഗിധാരി എന്ന ഉദ്യമത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും, നവകേരളം കർമ്മ പദ്ധതിക്കുള്ള സാങ്കേതിക സഹായം/വിവിധ പദ്ധതികൾ നടപ്പിലാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഫലപ്രദമായ നടപ്പാക്കൽ എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | 2025-26 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | 2025-26 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് മേൽ സൂചിപ്പിച്ച പ്ലാൻ തുടർ പദ്ധതികളുടെ നടപ്പിലാക്കലും, വിവിധ പഞ്ചായത്തുകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ ഡിപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കൽ, നീരുറവകളുടെ വിവരശേഖരണം തുടങ്ങിയവ ലക്ഷ്യമിടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ അഡ്വാൻസ് ഘട്ടമായ **‘W-AMRITHAM’** പദ്ധതി 2025-26 - ൽ ആരംഭിക്കുന്നതിന് 86 കോടി രൂപയുടെ പ്രൊജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്.<br><br>ഭൂജലവകുപ്പ് ‘ഭൂജലസംരക്ഷണവും സംപോഷണവും’ എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / കുഴൽക്കിണർ, റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തു വരുന്നു. കേരളത്തിലെ ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.<br><br>കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന 'ജൽ ശക്തി അഭിയാൻ' – Catch the rain programme – ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ ഭൂജലചൂഷണം തടയുന്നതിന്റെ ഭാഗമായി ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന പ്ലാൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ